9946
6/6/19

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- ഭിന്നശേഷിക്കാരായ കുട്ടികളെ സഹായിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്ന ' സഹചാരി 'പദ്ധതിക്ക് -ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(സാധാ)നം.267/2019/സാ.നീ.വ തീയതി, തിരുവനന്തപുരം 28.5.2019

പരാമർശം- 1. സാമൂഹ്യനീതി ഡയറക്ടറിൽ നിന്നും ലഭിച്ച 10.4.2019 ലെ D1-9723/18 നമ്പർ കത്ത്

2. 3.5.2019 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

## ഉത്തരവ്

അംഗപരിമിതരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നിലവിൽ വന്ന The Rights of Persons with Disabilities Act, 2016 ലെ Chapter III Education-ൽ സെക്ഷൻ 16 സബ്സെക്ഷൻ (i) ൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കും മറ്റ് കുട്ടികളെ പോലെ തന്നെ യാതൊരു വേർതിരിവുമില്ലാതെ വിദ്യാഭ്യാസം നേടുന്നതിനും കലാകായിക ഇനങ്ങളിലും മറ്റ് മാനസികോല്ലാസം ലഭിക്കുന്ന പരിപാടികളിലും പങ്കെടുക്കുന്നതിനും തുല്യത ഉറപ്പ് വരുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്തുണയ്ക്കുന്ന NSS/NCC/SPC യൂണിറ്റിനെ പ്രോത്സാഹിപ്പിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം മുതൽ നടപ്പിലാനുദ്ദേശിക്കുന്ന 'സഹചാരി ' എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകണമെന്നും, പ്രസ്തുത പദ്ധതിക്ക് താഴെ പറയും പ്രകാരം 6,00,000/- രൂപ 2019-20 സാമ്പത്തിക വർഷത്തിലെ 2235-60-200-83(പി) ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്നും ആയതിന് ഭരണാനുമതിയും ഫണ്ടും നൽകി ഉത്തരവാകണമെന്നും പരാമർശം 1 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

| ഇനം | തുക (രൂപയിൽ) |
|---|---|
| ഭിന്നശേഷിക്കാരായ സഹപാഠികളെ പിന്തുണയ്ക്കുന്ന മൂന്ന് NSS/NCC/SPC യൂണിറ്റിന് 10,000/- രൂപ വീതം 14 ജില്ലകൾക്കായി | 4,20,000/- |
| ഫലകത്തിനും സർട്ടിഫിക്കറ്റിനും മറ്റു ചെലവുകൾക്കുമായി 10,000/- രൂപ വീതം 14 ജില്ലകൾക്ക് | 1,40,000/- |
| പോസ്റ്റർ, ബ്രോഷർ തുടങ്ങിയവയ്ക്ക് | 40,000/- |
| ആകെ തുക | 6,00,000/- |

3 3.5.2019 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്തുണയ്ക്കുന്ന NSS/NCC/SPC യൂണിറ്റിനെ പ്രോത്സാഹിപ്പിക്കുന്ന 'സഹചാരി ' പദ്ധതിയ്ക്ക് അംഗീകാരം നൽകിക്കൊണ്ടും പ്രസ്തുത പദ്ധതിയ്ക്ക് മേൽപ്പറഞ്ഞ പ്രകാരം 6,00,000/- രൂപ(ആറ് ലക്ഷം രൂപ മാത്രം) 2019-20 സാമ്പത്തിക വർഷത്തിലെ 2235-60-200-83(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ് (Vide item No.9 )
ആസൂത്രണസാമ്പത്തികകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ